'മൂല്യശാസ്ത്രവും ഭൂമിരാഷ്ട്രീയവും'
(കേരളീയം, 2012 മെയ്)
എന്ന ലേഖനത്തോടുള്ള പ്രതികരണം

**ജൈവപരിണാമപ്രക്രിയയിൽ ഈയടുത്ത കാലത്ത് ജന്മംകൊണ്ട മനുഷ്യൻ എന്ന സ്പീഷീസിന്റെ ജീവനധർമ്മം എന്തായിരിക്കും? അതുകണ്ടെത്തുന്നതു വരെ നാമീ ഭൂമിയിൽ നിലനിൽക്കാൻ ചെയ്യുന്ന കാര്യങ്ങൾ പ്രകൃതിക്ക് ക്ഷതം വരുത്തുന്നതേ ആയിരിക്കുകയുള്ളൂ എന്ന്**

**എസ്. ശാന്തി**

# ജീവന്റെ ഭൂമി, മനുഷ്യന്റെ ലോകം, ജീവന്റെ നിലനിൽപ്പ്, മനുഷ്യന്റെ നിയതി

ശ്യാം ബാലകൃഷ്ണന്റെ മൂല്യശാസ്ത്ര - ഭൂമി രാഷ്ട്രീയ അഗാധ ചിന്തകളോട് ഏറെക്കുറെ യോജിച്ചുകൊണ്ട്, ഭൂമിയുടെ കഥയുടെയും ജീവന്റെ പരിണാമ ചരിത്രത്തിന്റെയും പരിസ്ഥിതിയുടെ ധർമ്മങ്ങളുടെയും പശ്ചാത്തലം കൂടി ചാലിച്ച് വ്യാവർത്തനം ചെയ്യാനുള്ള ഒരു ശ്രമം. വിശകലനമില്ലാതെ, കൂട്ടി യോജിപ്പിക്കാതെ ചില ചിതറിയ ചിന്തകൾ).

മരണത്തിനു തൊട്ടടുത്തുള്ള കുറച്ചുദിവസം ഡൊറോത്തി എന്ന കൂട്ടുകാരിയുമായി റേച്ചൽ കാഴ്സൺ മെയിൻ കടപ്പുറത്തെ തന്റെ കുടിലിൽ തങ്ങി. 'വിസ്മയ ബോധം' (Sense of wonder) എന്ന ദീർഘലേഖനത്തിൽ റേച്ചൽ കാഴ്സൺ അവിടത്തെ ഒരു രാത്രിയുടെ സുന്ദരത വർണ്ണിക്കുന്നുണ്ട്. ''വേനൽകാലത്തെ, നിലാവില്ലാത്ത, ഒരു തെളിഞ്ഞ രാത്രിയായിരുന്നു അത്. ഉൾക്കടൽ തീരത്ത് ഒരു കുഞ്ഞു ദ്വീപുപോലുള്ള ഇടത്ത് ഡൊറോത്തിയും ഞാനും എത്തി. ആകാശം നോക്കി ഞങ്ങൾ മണ്ണിൽ മലർന്നു കിടന്നു. ബഹിരാകാശത്തിന്റെ വക്കത്തെ വിദൂര ഓരങ്ങൾ പോലെ ചക്രവാളം അകലെയകലെയായിരുന്നു. ഇരുണ്ട നിശാകാശത്തിൽ കോടാനുകോടി നക്ഷത്രങ്ങൾ നിറഞ്ഞു. നിശ്ചലവും നിശബ്ദവുമായ രാത്രി. ദൂരെ ചില വീടുകളിൽ വിളക്കുകൾ മിന്നിയിരുന്നു. അല്ലാതെ മനുഷ്യവാസത്തിന്റെ യാതൊരു ലക്ഷണവും അവിടെയില്ലായിരുന്നു. ഞാനും കൂട്ടുകാരിയും നക്ഷത്രങ്ങളും മാത്രം. നക്ഷത്രങ്ങളുടെ മനോഹാരിത ഇതിനു മുമ്പൊരിക്കലും എന്നെ ഇത്രയ്ക്ക് അഗാധമായി സ്പർശിച്ചിട്ടില്ല. ആകാശത്തിനു കുറുകേ ഒഴുകുന്ന ആകാശഗംഗയുടെ മനുഷ്യമേഘനദി, ഉജ്ജ്വല ശോഭയാർന്ന താരാഗ



**മനുഷ്യൻ അപാരവും മഹത്തുമായ ഒരുപാട് കാര്യങ്ങൾ നേടിയിട്ടുണ്ട്, സൃഷ്ടിച്ചിട്ടുണ്ട്, ഭൂമിയുടെയും ജീവന്റെയും നിഗൂഢ രഹസ്യങ്ങൾ അനാവരണം ചെയ്തിട്ടുണ്ട്. പക്ഷെ ജീവൽസൃഷ്ടിയെ ബഹുമാനിക്കുന്നതിലും പ്രകൃതിനിയമങ്ങൾ പാലിക്കുന്നതിലും നമ്മൾ പാടേ പരാജയപ്പെട്ടിരിക്കുകയാണ്. പൊറുക്കാനാവാത്ത, തിരുത്താനാവാത്ത അപരാധങ്ങളാണ് നാം ഭൂമിയോട്, ജീവലോകത്തോട് ചെയ്തുകൂട്ടുന്നത്**

ണങ്ങളുടെ വിന്യാസം, ചക്രവാളത്തിൽ വളരെ താഴ്ന്ന് കത്തിജ്വലിക്കുന്ന ഒരു ഗ്രഹം. ഭൗമാന്തരീക്ഷത്തിലൂടെ തീക്കനൽ പോലെ പാഞ്ഞുപോയ ഒന്നോ രണ്ടോ കൊള്ളിമീനുകൾ. ഈ ദൃശ്യം ഒരു നൂറ്റാണ്ടിലൊരിക്കലോ മനുഷ്യായുസ്സിൽ ഒരിക്കൽ മാത്രമോ സംഭവിക്കുന്ന ഒരു പ്രതിഭാസമാണെങ്കിൽ, ഈ പ്രദേശം ജനങ്ങളെക്കൊണ്ട് നിറയുമായിരുന്നു. പക്ഷെ, മിക്ക രാത്രികളിലും തെളിയുന്ന ഒരു സാധാരണ ദൃശ്യമാണിത്. അതുകൊണ്ടു തന്നെ തലയ്ക്കു മുകളിലുള്ള അനന്തസൗന്ദര്യത്തെക്കുറിച്ച് ഒരു ചിന്തയുമില്ലാതെ മനുഷ്യർ ഉറങ്ങുന്നു. എല്ലാ രാത്രിയിലും കാണാനാവുന്ന വിസ്മയകരവും മനോജ്ഞവുമായ ഈ ദിവ്യദൃശ്യം ഒരിക്കലും കാണാതെ നാം ജീവിതം നയിക്കുന്നു.''

റാൾഫ് വാൾഡോ എമേഴ്സണും ഒരിക്കൽ പറഞ്ഞിട്ടുണ്ട്, ''ഒരായിരം വർഷത്തിലൊരിക്കലെ ആകാശത്ത് നക്ഷത്രങ്ങൾ തെളിയുകയുള്ളൂ എങ്കിൽ ഒരൊറ്റ രാത്രികൊണ്ട് നമുക്കെല്ലാം ആത്മീയത കൈവരും. ആ രാത്രി നാമാരും ഉറങ്ങില്ല. അപാരമായ സൗന്ദര്യത്തിൽ ഉന്മത്തരായി, ആത്മനിർവൃതിയും ബോധോദയവും നമുക്കുണ്ടാവും.''

അനിതരസാധാരണമായ ഈ കാലഘട്ടത്തിൽ ഭൂമിയിലെ ഓരോ മനുഷ്യനും എല്ലാ മനുഷ്യരും, മനുഷ്യ ചരിത്രത്തിൽ ഒരു പക്ഷേ, ആദ്യമായി, ആഗോളതലത്തിൽ നമ്മെക്കുറിച്ച്, ജീവിതത്തിന്റെ അർത്ഥത്തെക്കുറിച്ച് ബോധവാന്മാരാവുകയാണ്. പതിനായിരക്കണക്കിന് വർഷങ്ങളിലൊരിക്കൽ പോലും മുമ്പൊരിക്കലും സംഭവിച്ചിട്ടില്ലാത്ത, അതിഭയാനകമായ മാറ്റങ്ങളും ദുരന്തങ്ങളുമാണ് നാമിന്ന് കാണുന്നത്. നമ്മുടെ നാഗരികതയെയും സംസ്കാരത്തെയും ജീവമണ്ഡലത്തെത്തേയും പൂർണ്ണമായി നശിപ്പിക്കുന്ന അപകടാവസ്ഥകൾ നമ്മൾ തന്നെയാണ് ഭൂമിയിൽ സൃഷ്ടിക്കുന്നത് എന്നു നമുക്ക് ബോധ്യപ്പെട്ടു കഴിഞ്ഞു. നമ്മെ ആകുലരും കുറ്റബോധത്തിൽ വിനയാന്വിതരുമാക്കുന്ന ഈ അതിജീവനപ്രതിസന്ധി നമ്മെ അഗാധമായ പുനർവിചിന്തനത്തിനു പ്രേരിപ്പിക്കുന്നുണ്ട്. നം ഓരോരുത്തരും പ്രപഞ്ചത്തിലെ നക്ഷത്രങ്ങളെപ്പോലെ അതീവ സങ്കീർണ്ണതയും അനന്യതയുമുള്ളവരാണ് എന്നു നാം മനസ്സിലാക്കുകയാണ്.

മനുഷ്യൻ അപാരവും മഹത്തുമായ ഒരുപാട് കാര്യങ്ങൾ നേടിയിട്ടുണ്ട്, സൃഷ്ടിച്ചിട്ടുണ്ട്, ഭൂമിയുടെയും ജീവന്റെയും നിഗൂഢ രഹസ്യങ്ങൾ അനാവരണം ചെയ്തിട്ടുണ്ട്. പക്ഷെ ജീവൽസൃഷ്ടിയെ ബഹുമാനിക്കുന്നതിലും പ്രകൃതിനിയമങ്ങൾ പാലിക്കുന്നതിലും നമ്മൾ പാടേ പരാജയപ്പെട്ടിരിക്കുകയാണ്. പൊറുക്കാനാവാത്ത, തിരുത്താനാവാത്ത അപരാധങ്ങളാണ് നാം ഭൂമിയോടും ജീവലോകത്തോടും മനുഷ്യനോടുതന്നെയും ചെയ്തുകൂട്ടുന്നത്. മനുഷ്യന്റെ പരിണാമ ചരിത്രം പഠിച്ചാൽ തന്നെ മറ്റൊരു ജീവിക്കുമില്ലാത്ത ഭീരുത്വവും അരക്ഷിതബോധവും നമ്മിലുണ്ടെന്നു കാണാം. അതേസമയം തീയും കൃഷിയും മൃഗപരിപാലനവുമൊക്കെ കഴിഞ്ഞ 20,000 വർഷത്തിനിപ്പുറമേ നമ്മൾ ആർജ്ജിക്കുകയും പ്രകൃതിയെ വ്യാപകമായി മാറ്റിമറിക്കുകയും ചെയ്തിട്ടുള്ളൂ. മനുഷ്യനെന്ന സ്പീഷീസിന്റെ ഒന്നര ലക്ഷത്തോളം വർഷത്തെ പരിണാമ ചരിത്രത്തിൽ കൃഷിയുടെയും സ്ഥിരതാമസത്തിന്റെയും ഈയടുത്ത കാലത്തുണ്ടായ ശാസ്ത്ര – സാങ്കേതിക വ്യാവസായിക വികസനത്തിന്റേയും കാലം ക്ഷണികമാണ്. അതേസമയം പ്രകൃതിയുടെ നിയമങ്ങളും നിയന്ത്രണങ്ങളും അറിഞ്ഞ്, ആദരിച്ച് ആയിരകണക്കിനു വർഷങ്ങൾ പാരിസ്ഥിതികവും സാമൂഹികവുമായ സുസ്വരതയിൽ ജീവിച്ച മനുഷ്യസമൂഹങ്ങളുമുണ്ട്. ആധുനിക മനുഷ്യൻ ചെന്നെത്തിയിട്ടില്ലാത്ത തുരുത്തുകളിലും വിദൂരദ്വീപുകളിലും മഴക്കാട്ടിലും സ്വാഭാവിക മരുഭൂമികളിലുമൊക്കെ ഒറ്റപ്പെട്ട ഗോത്ര സമൂഹങ്ങൾ ഇന്നുമുണ്ട്. ജീവനകലയിൽ വിജയം നേടിയവരും ഒരു ചീത്ത വാക്ക് ഉച്ചരിച്ചാൽ വിദൂരതയിലെവിടെയോ കൊടുങ്കാറ്റുകളുയരും എന്ന് വിശ്വസിക്കുന്ന, ഭൂമി നമ്മുടേതല്ല, നാമാണ് ഭൂമിയുടേത് എന്ന് തിരിച്ചറിയുന്നവരുമാണ് അവരിൽ പലരും.

രാത്രി ഉറക്കമിളച്ചിരുന്ന് പ്രപഞ്ച സൗന്ദര്യത്തിൽ മുഴുകി, ഭൂമിഗീത

ങ്ങൾ പാടുന്നവർ. ശ്രദ്ധതെറ്റി വ്യതിചലിച്ചും മൂഢചിത്തരായി വഴിപിഴച്ചും ഉപരിപ്ലവമായ മിഥ്യകൾക്കു പുറകേ പരക്കം പായാത്തവർ. ഈ വാഴ്‌വിന്റെ ഓരോ നിമിഷവും ദിവ്യാത്ഭുതമാണെന്ന പരമാർത്ഥം തിരിച്ചറിയുന്നവർ. മനുഷ്യർ പണിതുയർത്തുന്ന യാന്ത്രിക ലോകത്തോടു ചേരാനാവാത്ത വരും തലമുറകളും മേൽപ്പറഞ്ഞവരും കൂടിയായിരിക്കാം നാളത്തെ ലോകം വിഭാവന ചെയ്ത്, ഉരുത്തിരിച്ചെടുക്കാൻ തുടങ്ങുക.

## പ്രത്യാശ കൈവരിക്കാനുള്ള കാലം

ഇന്ന് ഭൂമി/പ്രകൃതി നമ്മെ അവളിലേക്ക് അടുപ്പിക്കുകയാണ് എന്നെനിക്ക് പലപ്പോഴും തോന്നാറുണ്ട്. ലോകത്ത് ഒരുപാടുപേർക്ക് ഇങ്ങനെതന്നെ തോന്നുന്നുണ്ടാവും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ ദുരന്ത (കലി)കാലത്ത് കൂടുതൽ കൂടുതൽ മനുഷ്യർ മറ്റെന്തിനേക്കാളും പ്രകൃതിയുടെ വിളി യായിരിക്കണം കേൾക്കുന്നത്. ഇതൊരു സ്വപ്നമായിരിക്കാം. വാസ്തവത്തിൽ, ഏറ്റവും യാഥാർത്ഥ്യ ബോധമുള്ളവർ സ്വപ്ന ജീവകളാണ്. അല്ലാതെ ദോഷൈകദൃക്കുകളോ ഹിംസാവാദികളോ ആയിരിക്കാൻ വഴിയില്ല. "പ്രായോഗികമല്ല" എന്നു പറഞ്ഞാണല്ലോ എല്ലാ സുന്ദര ആശയങ്ങളെയും സ്വപ്നങ്ങളേയും അവ പൊട്ടിമുളയ്ക്കും മുമ്പേ നമ്മൾ നുള്ളിക്കളയാറുള്ളത്. "പ്രത്യാശരായിരിക്കാൻ വലിയ അർത്ഥമൊന്നും പ്രത്യക്ഷത്തിൽ കാണാൻ കഴിയാത്ത കാലത്താണ് പ്രതീക്ഷയും പ്രത്യാശ നിറഞ്ഞ സ്വപ്നങ്ങളും ഏറ്റവും പ്രസക്തവും അർത്ഥവത്തുമാവുന്നത്" എന്ന് പോൾ ഹോക്കൻ (Paul Hawken) എന്ന പ്രകൃതിജ്ഞാനി പറയുന്നു. അങ്ങനെ ഈ നൂറ്റാണ്ട് പ്രത്യാശ കൈവരാനുള്ള കാലമായി തീരുകയാണ്. നമ്മുടെ ജീവൻ, മനുഷ്യന്റെ നിലനിൽപ്പ് ഈ പ്രത്യാശയെ മാത്രം ആശ്രയിച്ചാണിരിക്കുന്നത്.

എല്ലാ ജൈവവ്യവസ്ഥകളും സാമൂഹിക കെട്ടുറപ്പും ക്ഷയിക്കുന്ന കാലത്ത് ജീവിക്കുക എന്നാൽ എന്താണർത്ഥം? അതും ആ നാശത്തിന്റെ പൂർണ്ണ ചുമതലയുള്ള മനുഷ്യനായി ജീവിക്കുക!. ഈ നാശത്തിന്റെ വേഗത യാവട്ടെ നിമിഷം പ്രതി വർദ്ധിക്കുകയാണ്. സത്യസന്ധവും വസ്തുനിഷ്ഠവുമായ ഒരു പഠനത്തിനും ഈ യാഥാർത്ഥ്യത്തെ ഖണ്ഡിക്കാനാവില്ല. ശാസ്ത്രീയമായ അറിവുകളുടെ വെളിച്ചത്തിൽ നോക്കിയാൽ മനുഷ്യനുണ്ടാക്കിയെടുത്ത ലോകത്തിന് സുസ്ഥിരതയോ നിലനിൽപ്പോ ഇല്ല. ഭൂമിയുടെ പ്രവർത്തനവ്യവസ്ഥയെ നശിപ്പിച്ച് നാമുണ്ടാക്കുന്ന ലോകം നമുക്ക് ചുറ്റും തകർന്നു തരിപ്പണമാവുകയാണ്.

## ഭൂമിയുടെ പ്രവർത്തന വ്യവസ്ഥ

500 കോടി വർഷം മുമ്പ് ഈ ഭൗമഗ്രഹം ജന്മം കൊണ്ടപ്പോൾ അവളൊരു പ്രവർത്തന വ്യവസ്ഥയിലേക്കാണ് പരിണമിക്കാൻ തുടങ്ങിയത്. 400 കോടിയോളം വർഷം മുമ്പ് ഉരുത്തിരിഞ്ഞ ജീവൻ എന്ന പ്രതിഭാസവും ഭൂമിയും ചേർന്നാണ് ഈ പ്രവർത്തന വ്യവസ്ഥയെ ദൃഢവും സന്തുലിതവും ജീവാനുകൂലവുമാക്കിത്തീർത്തത്. ഓരോ ജീവിയും എല്ലാ ജീവനും ഒറ്റയ്ക്കും കൂട്ടായും അനുസരിക്കേണ്ടുന്ന നിരവധി നിയമങ്ങളും ധർമ്മങ്ങളും ഈ വ്യവസ്ഥയുടെ നിലനിൽപ്പ് ഉറപ്പിക്കുന്നു. നിർഭാഗ്യവശാൽ മനുഷ്യനെന്ന ജീവി ഈ നിയമങ്ങളെയും നിബന്ധനകളെയും അനുസരിക്കാൻ വിസമ്മതിക്കുകയാണ്. പരസ്പരാശ്രിത ബന്ധങ്ങളുടെ ശൃംഖലാജാലികയുടെ ഭാഗമായേ ഏതൊരു ജീവനും നിലനിൽക്കാനാവൂ; 1000 കോടിയിലധികം ഉണ്ടായേക്കാം എന്നു കരുതപ്പെടുന്ന ഭൂമിയിലെ ജീവജാതി (species) കളിൽ ഒന്നു മാത്രമാണ് ഹോമോസാപ്പിയൻസ്' എന്ന മനുഷ്യൻ. ജീവന്റെ അനന്ത വൈവിധ്യമാണ് ജീവജാതികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നത്; ജീവന്റെ അടിസ്ഥാന അഭയ വ്യവസ്ഥകളും വിഭവങ്ങളും പരിച്ഛേദ്യ (finite) മാണ്, അവയുടെ ജീവൻ നിലനിർത്താനുള്ള ശേഷി (carrying capacity) ക്കുമപ്പുറം ഒരുജീവിയുടേയും എണ്ണമോ ആവശ്യങ്ങളോ വർദ്ധിപ്പിക്കാൻ പാടില്ല... എന്നിങ്ങനെയുള്ള എല്ലാ പരിസ്ഥിതി നിയമങ്ങളെയും ആധുനിക മനുഷ്യൻ മറന്നുപോയിരിക്കുന്നു. ജലവും മണ്ണും വായുവും മാരകമായി മലിനീകരിച്ചും ജീവലോകത്തെയാകെ വംശനാശത്തിന്റെ മഹാ വേലിയേറ്റങ്ങൾക്ക് വിധേയമാക്കിയും ഭൂമിയുടെ താപനില ക്രമവൽകരിക്കാൻ സ്വയം പ്രവർത്തിക്കുന്ന ഭൗമാന്തരീക്ഷ തെർമോസ്റ്റാറ്റിനെ കേടുവരുത്തിയും മനുഷ്യനും വംശനാശത്തിന്റെ വഴിയിലാണിന്ന്.

മണിക്കൂറിൽ ലക്ഷക്കണക്കിന് കിലോമീറ്റർ വേഗതയിൽ പറക്കുന്ന ഈ ഭൗമ – ബഹിരാകാശ കപ്പലിൽ (spaceship earth) സീറ്റ് ബെൽറ്റുകളോ ചെലവുകളോ ഇല്ലാതെ സഞ്ചരിക്കുകയാണ് നമ്മളെല്ലാമെന്ന് നാമോർക്കാറേയില്ല. നമുക്കെല്ലാവർക്കും സുഖമായി ഈ ജീവിതസഞ്ചാരത്തിൽ മുഴുകാൻ ധാരാളം സ്ഥലവും സ്വാദുള്ള ആഹാരവും ഈ ആകാശ നൗകയിലുണ്ടെന്നതും നമ്മെ അത്ഭുതപ്പെടുത്തുന്നില്ല. നാമത്രയ്ക്കീ ഭൂമിയമ്മയെ കണ്ണടച്ചു വിശ്വസിച്ച്, ഒരു നിമിഷം പോലും അവളെ ഓർക്കാതെ, അവളെന്നും അവിടെയുണ്ടാകുമല്ലോ നമുക്ക് ചൂഷണം ചെയ്യാനുള്ള 'വിഭവമായി' എന്ന ചിന്തയോടെ ഇക്കാലമത്രയും ജീവിച്ചുപോന്നു. ഇന്നതെല്ലാം അടിമുടി മാറുകയാണ്.

നമുക്ക് നമ്മുടെ ഭൂമിയമ്മ തരുന്ന ജീവന സർട്ടിഫിക്കറ്റിൽ അദൃശ്യമായ ചില കാര്യങ്ങൾ കൂടി അവൾ കുറിച്ചുവയ്ക്കാൻ തുടങ്ങിയിരിക്കുന്നു. "മനുഷ്യാ നീ സമർത്ഥനാണ്. ഞാൻ നിനക്ക് പുതിയൊരു പണി തരുകയാണ്." എന്നാണവൾ എഴുതിയിരിക്കുന്നത്. പോൾ ഹോക്കൻ പറയുന്നു. "നാം പഠിക്കുന്ന വിദ്യാലയത്തിലേക്ക് ക്യാമ്പസ് സെലക്ഷനുവേണ്ടി അധികൃതരെ അയക്കാനൊന്നും ഭൂമി ഉദ്ദേശിക്കുന്നില്ല. മഴയും സൂര്യാസ്തമയവും മധുരിക്കുന്ന ചെറിപ്പഴവും പാതിരാമുല്ലപ്പൂവും നമ്മൾ പ്രണയിക്കുന്നവരെയുമാണ് അവൾ നമ്മുടെ അടുത്തേക്കയക്കുന്നത്. അവൾ നൽകുന്ന സൂചന (സന്ദേശം) നിങ്ങൾ സ്വീകരിക്കൂ. ഇതാണവളുടെ നിബന്ധന: നിശ്ചിത സമയത്തിനുള്ളിൽ ഈ ഭൂമിസംരക്ഷണ പ്രവർത്തനം സാധ്യമല്ല എന്ന കാര്യം നിങ്ങൾ മറന്നേക്കൂ. അസാധ്യമാണ് കാര്യങ്ങൾ എന്നു പറയുന്ന ആൾക്കാരുടെ വാക്കുകേട്ട് നിരാശരാകാതിരിക്കൂ. ചെയ്യേണ്ടത് ചെയ്യൂ. ചെയ്തു കഴിഞ്ഞ ശേഷം മാത്രം അത് അസാധ്യമായിരുന്നുവോ എന്ന് ചിന്തിക്കൂ..." പോൾ ഹോക്കൻ ഇങ്ങനെ പറഞ്ഞത് പോർട്ട്ലാൻഡ് സർവ്വകലാശാലയിലെ വിദ്യാർത്ഥികളോടാണ്.

## മനുഷ്യന്റെ നിയതി

ഭാവിയെക്കുറിച്ച് നമുക്ക് ശുഭാപ്തിവിശ്വാസികളാവാൻ കഴിയുമോ? മനുഷ്യന്റെ ഭാവിയെക്കുറിച്ച്? ഭൂമിയിലിന്നു

സംഭവിക്കുന്ന കാര്യങ്ങൾ ശാസ്ത്രീയമായി പരിശോധിച്ചാൽ, സ്ഥിതിവിവരക്കണക്കുകൾ നോക്കിയാൽ നമുക്ക് നൈരാശ്യമേയുണ്ടാവൂ. പക്ഷെ ഭൂമിയെ പുനരുജ്ജീവിപ്പിക്കാൻ ജീവിതം സമർപ്പിക്കുന്ന, ദാരിദ്ര്യമില്ലാതാക്കാൻ പണിപ്പെടുന്ന, ഏതോ അപൂർവ്വ വന്യജീവിയെയോ കാട്ടുപൂവിനെയോ പരിരക്ഷിക്കാൻ പാടുപെടുന്ന മനുഷ്യരെ പരിചയപ്പെട്ടാൽ നമുക്കെങ്ങനെ നിരാശരാവാൻ കഴിയും? ആണവ ദുരന്തത്തിൽ നിന്ന് കുഞ്ഞുങ്ങളെ രക്ഷിക്കാൻ ജീവിതം തന്നെ സത്യാഗ്രഹ സമരമാക്കി മാറ്റിയ കൂടംകുളത്തെ അമ്മമാരുടെ നിശ്ചയദാർഢ്യം മനുഷ്യന്റെ വഴി തന്നെ മാറ്റാൻ കരുത്തുള്ളതാണ്. മനുഷ്യലോകത്തിനും മനസ്സിനും വരുന്ന മാറ്റത്തിന്റെ സ്പന്ദനമാ



**ഭൂമിയെ പുനരുജ്ജീവിപ്പിക്കാൻ ജീവിതം സമർപ്പിക്കുന്ന, ദാരിദ്ര്യമില്ലാതാക്കാൻ പണിപ്പെടുന്ന, ഏതോ അപൂർവ്വ വന്യജീവിയെയോ കാട്ടുപൂവിനെയോ പരിരക്ഷിക്കാൻ പാടുപെടുന്ന മനുഷ്യരെ പരിചയപ്പെട്ടാൽ നമുക്കെങ്ങനെ നിരാശരാവാൻ കഴിയും? ആണവ ദുരന്തത്തിൽ നിന്ന് കുഞ്ഞുങ്ങളെ രക്ഷിക്കാൻ ജീവിതം തന്നെ സത്യാഗ്രഹ സമരമാക്കി മാറ്റിയ കൂടംകുളത്തെ അമ്മമാരുടെ നിശ്ചയദാർഢ്യം മനുഷ്യന്റെ വഴി തന്നെ മാറ്റാൻ കരുത്തുള്ളതാണ്**

ണ് നാമവരിൽ കാണുന്നത്.

വളരെ വളരെ സാധാരണ മനുഷ്യരാണ് ഈ പരിരക്ഷണ, പുന:സ്ഥാപന പ്രവർത്തനങ്ങളിൽ മുഴുകുന്നത്. കടുത്ത യാതനകളെയും എതിർപ്പുകളെയും അടിച്ചമർത്തലുകളെയും അധികാരശക്തികളുടെ ഭീഷണികളെയും ചെറുത്താണ് അവർ പ്രവർത്തിക്കുന്നത്. ഭൂമിയിൽ കനിവിന്റെയും സൗന്ദര്യത്തിന്റെയും നീതിയുടേയും നേരിയ ഒളിവെട്ടങ്ങളെങ്കിലും പുന:സ്ഥാപിക്കാനുള്ള യത്നത്തിലാണവർ.

ആഡ്രിയൻ റിച്ച് എന്ന കവി ഒരിക്കൽ  പറഞ്ഞു. ''എന്തെന്തെല്ലാം നശിച്ചിരിക്കുന്നു! അതുകൊണ്ടുതന്നെ പ്രത്യേകിച്ച് അധികാരശക്തിയൊന്നുമില്ലാതെ യുഗയുഗാന്തരങ്ങളായി ഈ ലോകത്തെ പുനഃസൃഷ്ടിക്കാൻ മർക്കടമുഷ്ടിയോടെ പ്രവർത്തിക്കുന്നവർക്കൊപ്പമാണ് ഞാൻ പങ്കുചേരുന്നത്." ഇതിനേക്കാൾ നന്നായി നമ്മുടെ ദൗത്യത്തെ വിവരിക്കാനാവില്ല. അതേ സമയം മനുഷ്യൻ നശിപ്പിക്കുന്ന, മാരകമായി മലിനീകരിക്കുന്ന, വന്ധ്യമാക്കുന്ന ലോകത്തെ (ഭൂമിയെ) പുനരുജ്ജീവിപ്പിക്കാൻ ജീവജാലങ്ങളുടെ ഒത്തൊരുമയ്ക്കേ കഴിയൂ. കരിമ്പാറക്കെട്ടുകളെ മെല്ലെ അലിയിച്ച്, സ്വന്തം ശീരവും കൂടി ചേർത്ത് മണ്ണാക്കാൻ കൽപ്പായലുകൾ (Lichen)ക്കും പന്നലുകൾക്കും പുല്ലുകൾക്കുമൊക്കയേ കഴിയൂ. നമ്മുടെ പ്രാണവായു പച്ചിലകളും സൂര്യപ്രകാശവും കാർബൺഡയോക്സൈഡും ജലവും ചേർന്നുള്ള രാസീയ ഇന്ദ്രജാലത്തിൽ നിന്നാണ് വരുന്നത്. ഏത് ആണവ മാലിന്യവും കൊണ്ടു തള്ളിയ കടലുകളിൽ വളരുന്ന പവിഴപ്പുറ്റുജീവികളും കോൺക്രീറ്റ് സാധനങ്ങളെയും അണക്കെട്ടുകളെയും മെല്ലെ അലിയിച്ച്, വേരാഴ്ത്തി വളരുന്ന കല്ലാലുകളുമൊക്കെയാണ് യഥാർത്ഥ പരിസ്ഥിതി പുനഃസ്ഥാപകർ. അവർക്കൊപ്പം ചേരുകയും അവരുടെ വഴി മുടക്കാതിരിക്കുകയുമേ വേണ്ടൂ മനുഷ്യൻ.

ലോകത്തെല്ലായിടത്തും മനുഷ്യാനീ പുന:സൃഷ്ടിക്കായി സമ്മേളിക്കുന്നുണ്ട്. സംഗമിക്കുന്നുണ്ട്. ഏകീഭവിക്കാൻ ശ്രമിക്കുന്നുണ്ട്.  ഈ സംലയനത്തിലാവണം മനുഷ്യവംശത്തിന്റെ പരിണാമത്തുടർച്ച സഫലമാവുക. ഭൂമിയെ പച്ച പിടിപ്പിക്കാൻ മാത്രമല്ല, മനുഷ്യൻ സൃഷ്ടിച്ച ലോകത്തെ പുന:സംഘടിപ്പിക്കാനും ഉടച്ചുവാർക്കാനും പുന:സ്ഥാപിക്കാനും ജനങ്ങൾ ഒത്തുചേരുന്നുണ്ട്.

ക്ലാസ്മുറികളിലും കൃഷിയിടങ്ങളിലും വനഭൂമിയിലും അഭയാർത്ഥി ക്യാമ്പുകളിലും മത്സ്യബന്ധന മേഖലകളിലും ചേരികളിലും മഹാനഗരങ്ങളിലും ഈ പ്രവർത്തനത്തിനുള്ള ഒരുക്കങ്ങൾ നടക്കുകയാണ്. ലോകം ഇന്നേവരെ കണ്ട ഏറ്റവും വലിയ, മഹത്തായ പ്രസ്ഥാനമാണിത്. അധികാരം കയ്യടക്കി, കാര്യങ്ങളെ നിയന്ത്രിക്കാനല്ല. നേരെ മറിച്ച് എല്ലാവരുമായും ബന്ധപ്പെടാനും ഒന്നാവാനുമാണ് ഈ പ്രസ്ഥാനം. അധികാധികാരം സ്ഥാപിക്കുകയല്ല, അധികാര ശക്തിയെ വേർപിരിച്ച്, നാനാ വഴിക്കും ചിതറി, ഓരോരുത്തരിലുമുള്ള നേതൃത്വശക്തി വളരാൻ സാഹചര്യമൊരുക്കണമെന്നാണീ പ്രസ്ഥാനം വിശ്വസിക്കുന്നത്. നിശബ്ദരും നിസ്വാർത്ഥരുമായി അരങ്ങിന്റെ പിന്നിൽ നിന്ന്, ചെയ്യേണ്ടതെന്തോ അത് ഏറ്റവും നന്നായി ചെയ്യുക എന്നതാണവരുടെ ശൈലി.

### ആദ്യം മരം നടൂ

ആധുനിക യഹൂദ (ഹീബ്രു) വിജ്ഞാനത്തിൽ ഒരു പാഠമുണ്ട്. – “ലോകം അവസാനിക്കുകയാണെങ്കിൽ, മിശിഹ (രക്ഷകൻ) വരുന്നു എന്ന വാർത്ത കേൾക്കുകയാണെങ്കിൽ, ആദ്യം ഒരു മരം നടൂ. എന്നിട്ടന്വേഷിക്കൂ, നിങ്ങൾ കേട്ട കഥ സത്യമാണോ എന്ന്.” നാമെന്താണ് ചെയ്യേണ്ടത് എന്ന ചോദ്യത്തിന് പ്രതീകാത്മകമായ ഏറ്റവും ലളിതമായ ഉത്തരം ഈ കഥയിലുണ്ട്.

പ്രകൃതിയുടെ രൂപരേഖയിൽ എല്ലാ ജീവജാതിക്കും അതിന്റേതായ ഒരു നിശ്ചിത സ്ഥാനവും ജീവന ധർമ്മവുമുണ്ട്. അതാ ജീവജാതിയുടെ ‘കർത്തവ്യ മേൽവിലാസം’ (functional niche) അഥവാ ജീവനധർമ്മം ആണ്. പരിസ്ഥിതി ശാസ്ത്രത്തിൽ ഇതിനെ ‘നിഷ്’ (ecological niche) എന്നാണ് പറയുക. ഒരു ജീവജാതി പ്രകൃതിയിൽ നിലനിൽക്കാൻ ചെയ്യുന്ന ഈ ജീവൽ പ്രവർത്തനം അഥവാ ആ ജീവജാതിയുടെ പാരിസ്ഥിതിക കർത്തവ്യം മൊത്തം വ്യവസ്ഥയെ നിലനിർത്താൻ അത്യന്താപേക്ഷിതവുമായിരിക്കും. ഉദാഹരണമായി സസ്യങ്ങൾ പ്രകാശ സംശ്ലേഷണം വഴി ആഹാരവും പ്രാണവായുവും ജീവലോകത്തിനു നൽകുന്നതും തേനീച്ചകളും വസ്തുക്കളും പൂമ്പാറ്റകളുമൊക്കെ തേൻ നുകർന്ന് പരാഗണം നടത്തുന്നതും കുരങ്ങനും ആനയുമൊക്കെ പഴം തിന്ന് വിത്തു വിതരണം നടത്തുന്നതുമൊക്കെ പറയാം. ജൈവപരിണാമപ്രക്രിയയിൽ ഈയടുത്ത കാലത്ത് ജന്മംകൊണ്ട മനുഷ്യൻ എന്ന സ്പീഷീസിന്റെ ജീവനധർമ്മം എന്തായിരിക്കും? അതു കണ്ടെത്തുന്നതു വരെ നാമീ ഭൂമിയിൽ നിലനിൽക്കാൻ ചെയ്യുന്ന കാര്യങ്ങൾ പ്രകൃതിക്ക് ക്ഷതം വരുത്തുന്നതേ ആയിരിക്കുകയുള്ളു.

എൽട്ടൺ ട്രൂബ്ലഡ് എന്ന തത്വജ്ഞാനിയുടെ അഭിപ്രായത്തിൽ “താൻ ആ മരത്തിന്റെ ശീതളഛായയിൽ ഒരിക്കലും ഇരിക്കില്ല എന്ന പൂർണ്ണ ബോധത്തോടെ തണൽ മരങ്ങൾ നടുന്ന മനുഷ്യൻ ജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കാൻ തുടങ്ങിയിരിക്കുന്നു.” ആഹാരത്തിനും ഔഷധത്തിനും ആദായത്തിനും മാത്രമല്ല, ഭൂമിയുടെ പുനരുജ്ജീവനത്തിന് വേണ്ടിയും കൂടി വിത്തുകൾ ശേഖരിക്കുകയും തൈകൾ നടുകയും ഒരു തരി മണ്ണോ, ഒരു തുള്ളി ജലമോ ഒലിച്ചുപോവാതെ സംരക്ഷിക്കുകയും ജീവജാലങ്ങൾക്ക് അഭയം നൽകുന്ന കാടുകൾ ഭൂമിയെ വീണ്ടും പച്ചപുതപ്പിക്കാൻ വഴിയൊരുക്കുകയും ചെയ്യുക എന്നതാണോ മനുഷ്യനെന്ന ജീവിയുടെ ദൗത്യം, ജീവന ധർമ്മം?

നാം പണിതുയർത്തിയ ലോകമല്ലാതെയുള്ള ഭൂരൂപങ്ങളെ സങ്കൽപ്പിക്കാനും സംരക്ഷിക്കാനും നമുക്ക് കഴിയണം. പക്ഷെ അതിനു നമ്മൾ മരം നട്ടാൽ മാത്രം പോരാ, നമ്മുടെ ജീവിതത്തെ അടിമുടി പുനർവിഭാവന ചെയ്യേണ്ടിവരും. ഇതേ വരെ അധികമാരും സങ്കൽപ്പിക്കാൻ ധൈര്യപ്പെടാത്ത ഒരു പുത്തൻ മാനവികത, ഒരു ഹരിതകുലം, നമുക്ക് വളർത്തിയെടുക്കേണ്ടി വരും. ആധുനിക മനുഷ്യന്റെയുള്ളിൽ അതിവേഗം വറ്റിവരണ്ടുകൊണ്ടിരിക്കുന്ന അനുതാപവും നീതിബോധവും നമ്മിൽ കുട്ടിക്കാലത്തേ വളർത്തിയെടുക്കേണ്ടിവരും. പ്രണയം പോലെ, ഒരിക്കൽ അറിഞ്ഞാൽ മാത്രം വില മനസ്സിലാക്കാനാവുന്ന ഒന്നാണീ സഹാനുഭൂതി. നമുക്കിതാവശ്യമാണെന്നും നമുക്ക് ആനന്ദവും വിമോചനവും തരുന്ന, നമ്മുടെയുള്ളിൽ ഉറങ്ങിക്കിടക്കുന്ന നൈസർഗ്ഗിക വാസനയാണിതെന്നും നാം തിരിച്ചറിയും.

ഇക്കാലത്ത് മറ്റൊന്നിനും പ്രസക്തിയില്ല. നമ്മുടെ അതിജീവനത്തിനു നിദാനമായ ഭൂമിയുടെ പരിരക്ഷണവും പരിപോഷണവും മാത്രമായിരിക്കാം നമ്മുടെ യഥാർത്ഥ കഥയിലെ അടുത്ത അദ്ധ്യായം. നനഞ്ഞു കുതിർന്ന പശിമയാർന്ന മണ്ണിൽ നിന്നാണ് ആഹാരം വരുന്നതെന്നും നമ്മുടെ ശ്വാസകോശത്തിനു സുഖം തരുന്ന ഓക്സിജൻ ഒരു പച്ചിലയുടെ സൂര്യനൃത്തമാണെന്നും നമുക്ക് ഓരോ നിമിഷവും ബോധമുണ്ടാവണം. ഈ ലക്കം കേരളീയമുൾപ്പടെ, ഏതു പുസ്തകവും, നമ്മുടെ സാങ്കൽപ്പിക ജീവിത/ലോകത്തിനായി കൊല ചെയ്യപ്പെട്ട മരങ്ങളുടെ ഹൃദയങ്ങൾ  ചതച്ചുരച്ചുണ്ടാക്കിയതാണെന്ന് നമുക്ക് ഓർമ്മയുണ്ടാവണം. നമ്മൾ കയ്യിലെടുക്കുന്ന ഓരോ കഷ്ണം കടലാസും, അതിലൊഴുകുന്ന നമ്മുടെ വാക്കുകളും ആത്മ സമർപ്പണം ചെയ്യപ്പെട്ട കാലവും വായുവും സൂര്യപ്രകാശവും വന്യസുന്ദരമായ ഒരിടവുമാണ്. നാമാ ‘ഇട’ത്തേക്ക് ചെന്നു കയറുകയാണെങ്കിലും അവിടം വിട്ടിറങ്ങുകയാണെങ്കിലും ‘ഇവിടം’ എന്നതാണ് പ്രധാനം. അതൊരു ‘ഇടം’ ആണ്. ആ ‘ഇട’ത്തിൽ അതിന്റെ പരിപാലകരായി നിൽക്കുക എന്നതാണ് ‘തന്റേടം’. നാമെവിടെ നിൽക്കുന്നു, എവിടെ നിൽക്കുന്നില്ല എന്നു നാം മനസ്സിലാക്കുന്നുണ്ടോ, ഇല്ലയോ എന്നതിനെ അനുസരിച്ചാണ് നമ്മുടെ കഥ ഇനി ഉരുത്തിരിയുക. നമുക്ക് നമ്മുടെ ഇടം കണ്ടെത്താനുള്ള  തന്റേടം ഉണ്ടാവുമോ, ഇല്ലയോ എന്നതാണ് ചോദ്യം.

*(തുടരും)*

## ഡോ. റൊസാലി ബെർട്ടലിന് ആദരാഞ്ജലികൾ

പ്രമുഖ ആണവവിരുദ്ധ പ്രവർത്തക ഡോ. റൊസാലി ബെർട്ടൽ ഇക്കഴിഞ്ഞ ജൂൺ 14ന് അന്തരിച്ചു . ആണവ സാങ്കേതിക വിദ്യ ഉയർത്തുന്ന അപകടങ്ങളെക്കുറിച്ച് ലോകത്തിന് മുന്നറിയിപ്പ് നൽകുന്നതിൽ എപ്പോഴും മുൻപന്തിയിൽ നിന്നിരുന്ന ഡോ. റൊസാലി ആണവ വിരുദ്ധ പ്രസ്ഥാനത്തിനും പ്രവർത്തകർക്കും പ്രചോദനമായിരുന്നു. ഗൾഫ് യുദ്ധവേളയിൽ ഡിപ്ലീറ്റഡ് യുറേനിയം ഉപയോഗിച്ച് അമേരിക്ക നടത്തിയ ആക്രമണങ്ങളുടെ മാരകമായ പ്രത്യാഘാതങ്ങളെക്കുറിച്ച് ലോകത്തെ അറിയിക്കുന്നതിൽ സുപ്രധാന പങ്കുവഹിച്ചു. പരിസ്ഥിതി പഠനങ്ങൾ സംബന്ധിച്ച നിരവധി അന്താരാഷ്ട്ര സമിതികളിൽ  അംഗമായിരുന്ന റൊസാലി ഭോപ്പാലിലെ യൂനിയൻ കാർബൈഡ് കമ്പനി വിതച്ച നാശനഷ്ടങ്ങളെക്കുറിച്ച് പഠിച്ചിരുന്ന സമിതിയുടെ ഡയറക്ടറായി പ്രവർത്തിച്ചു.

ചെർണോബൈൽ ദുരന്തം സംബന്ധിച്ച് അന്വേഷണം നടത്തിയ പീപ്പ്ൾസ് ട്രിബ്യൂണലിന്റെ അദ്ധ്യക്ഷയായിരുന്നു. കാനഡയിലെ ഒൻടാരിയോ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്റർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൺസേൺ ഫോർ പബ്ലിക് ഹെൽത്ത് എന്ന സംഘടനയുടെ സാരഥിയായും പ്രവർത്തിച്ചു. ‘No immediate danger’(Prognosis for a Radioactive Earth), ‘Handbook for Estimating the Health Effects of Ionising Radiation’ തുടങ്ങിയ ഗ്രന്ഥങ്ങൾ രചിച്ചു. റൈറ്റ് ലൈവ്‌ലിഹുഡ് അവാർഡ് അടക്കം നിരവധി അവാർഡുകൾ അവരെ തേടിയെത്തുകയുണ്ടായിട്ടുണ്ട്.